കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11 /2021/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 12-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി11 /2021/2018 തീയ്യതി : 12-02-2019

# കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് 1-6-2017 മുതൽ 12-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം. പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13-11-2018 മുതൽ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |

| | | |
|---|---|---|
| 28-11-2018 വരെ | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിസ്മി എസ് നായർ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബാബു ജോസഫ് തറപ്പേൽ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. രാജേന്ദ്രൻ. | 1-4-2017 മുതൽ 01-5-2017 വരെ |
| | ശ്രീ. പി.കെ വിനോദ്. | 2-5-2017 മുതൽ 15-6-2017 വരെ |
| | ശ്രീ. ജി.വി. അജിത്ത് കുമാർ | 16-6-2017 മുതൽ 11-3-2018 വരെ |
| | ശ്രീ. ഷാജി കൊഴക്കുന്നോൻ | 12-3-2018 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പി.കെ വിനോദ്. | 1-4-2017 മുതൽ 31-3-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പ്രകാശ് ബാബു. എം. | 1-4-2017 മുതൽ 9-7-2017 വരെ |
| | ശ്രീ. താജുദ്ദീൻ ആലിഫ്. | 10-7-17 മുതൽ 31-3-2018വരെ |
| കൃഷി ഓഫീസർ | ശ്രീ. യു. പ്രസന്നൻ. | 1-4-2017 മുതൽ 21-12-2017വരെ |
| | ശ്രീമതി. നിമിഷ. സി. | 22-12-2017 മുതൽ 31-3-18വരെ |

| | | |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി. തസ്നീമ. ടി.പി. | 1-4-2017 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഗ്രിഫിൻ സുരേന്ദ്രൻ. | 1-4-2017 മുതൽ 13-8-17 വരെ<br>2-1-2018 മുതൽ 31-3-18 വരെ |
| | ഡോ. ജാതവേദസ് മോഹൻലാൽ | 14-8-2017 മുതൽ 4-10-17വരെ |
| | ഡോ. അമൃത് എസ് വിഷ്ണു | 5-10-17 മുതൽ 13-12-17 വരെ |
| | ഡോ. പ്രശാന്ത് | 14-12-2017മുതൽ 1-01-18 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ഇന്ദു സേവ്യർ | 1-4-2017 മുതൽ 3-4-17 വരെ |
| | ഡോ. റുബീന. എ. വി. | 4-4-2017 മുതൽ 12-4-17 വരെ |
| | ഡോ. മുഹമ്മദ്. പി. | 13-4-17 മുതൽ 31-10-17വരെ |
| | ഡോ. ലിഷമോൾ. കെ. എസ്. | 1-11-2017 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. ഇ.പി. മനോജ് | 1-4-2017 മുതൽ 31-3-18 വരെ |
| വെറ്റിനറി സർജൻ | ഡോ. എസ്. സാരഥി. | 1-4-2017 മുതൽ 31-3-18 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ഗീതകുമാരി. വി.ജി. | 1-4-2017 മുതൽ 31-3-18 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.രാധ എൻ.ടി. | 1-4-2017 മുതൽ 31-3-18 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 12 | വസ്തുനികുതി -അപാകങ്ങൾ | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 14 | ഡി & ഒ ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-4 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | എസ്. എസ്. എ വിഹിതം നൽകൽ - തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല<br>₹17,51,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-1 |
| 17 | ഐ.കെ.എം ന്ന് വിഹിതം നൽകൽ - തുക കൈപ്പറ്റിയതിന്റെയോ വിനിയോഗിച്ചതിന്റെയോ വിവരം ലഭ്യമാക്കിയില്ല<br>₹ 58273 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 19 | പെൺകുട്ടികൾക്കുള്ള വോളിബോൾ പരിശീലനം - അപാകങ്ങൾ | 3-3 |
| 20 | കുട്ടികൾക്കുള്ള യോഗ പരിശീലനം പ്രോജക്ട്<br>നടപ്പാക്കിയതിലെ അപാകങ്ങൾ | 3-4 |
| 21 | വാഹന ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല | 3-5 |

| | | |
|---|---|---|
| 22 | ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ലീവ് സറണ്ടർ ചെയ്തത് രേഖപ്പെടുത്തിയതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതാണ് | 3-6 |
| 23 | വിളക്കോട് സ്കൂൾ തൊണ്ടൻകുഴി കായപ്പനിച്ചി ഡിപ്പോ റോഡ് അഭിവൃദ്ധിപ്പെടുത്തൽ കരാറുകാരന് അധികം തുക നൽകി ₹19938 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-7 |
| 24 | പുഴക്കര അംഗൻവാടി അറ്റകുറ്റപ്പണി - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹1,86,839 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | ഉണ്ടിക കടുക്കപ്പാലം റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന്റെ പിഴ കരാറുകാരനിൽ ഈടാക്കിയിട്ടില്ല | 3-9 |
| 26 | അങ്ങാടിച്ചാൽ കോരഞ്ഞി പണിയ കോളനി കുഴൽക്കിണർ നിർമ്മാണം പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ വിവരം ലഭ്യമല്ല | 3-10 |
| 27 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 3-11 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 39 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം2-1 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം2-2 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 18-3-2017 ലെ 37/17 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 5-3-2018 ലെ 48/18-)ാനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും, പുതുക്കിയ ബജറ്റ് പ്രകാരമുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 5356123 | 18549053 |

| | | |
|---|---|---|
| വരവ് | 114836256 | 121929462 |
| ആകെ | 120192379 | 140478515 |
| ചെലവ് | 119046500 | 118162237 |
| നീക്കിയിരിപ്പ് | 1145879 | 22316278 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2017 | 15-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2017-18 | 20-6-2018 മുതൽ 21-6-2018 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി111/1275/2018 തീ. 31.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 23981311 |
| വരവ് | 56167571 |
| ആകെ | 80148882 |

| | |
|---|---|
| ചെലവ് | 51252505 |
| നീക്കിയിരിപ്പ് | 28896377 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 12527000 | 12527000 | 11764921 | 762079 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 513686 | 513686 | 439260 | 74426 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 3523568 | 3523568 | 3518810 | 4758 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 4939000 | 4939000 | 4853872 | 85128 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3012000 | 3012000 | 2467168 | 544832 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 10422316 | 10422316 | 6715197 | 3707119 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 2563628 | 2563628 | 2474246 | 89382 |
| സാക്ഷരത | 6359 | 257 | 6616 | - | 6616 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 11108 | 44715 | 55823 | 26000 | 29823 |
| എം.ജി.എൻ. ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 11383654 | 11383654 | 11383654 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 573 | 943401 | 943974 | 941553 | 2421 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.പൈക്ക ഗ്രാന്റ് | | 18669 | 747 | 19416 | - | 19416 |
| 2.അനുപൂരക പോഷകാഹാരം | | 480327 | 677294 | 1157621 | 643309 | 514312 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1. ശുചിത്വ മിഷൻ ഫണ്ട് (മാലിന്യസംസ്കരണം) | | - | 1176500 | 1176500 | 194304 | 982196 |
| 2. BMC ഫണ്ട് | | - | 420000 | 420000 | - | 420000 |
| 3. വിമുക്തി | | 25000 | 12500 | 37500 | - | 37500 |
| 4. ശുചിത്വ മിഷൻ ഫണ്ട് (മഴക്കാല പൂർവ്വ ശുചീകരണം) | | - | 103320 | 103320 | 103320 | - |
| 5. ODF | | 1624862 | 507000 | 2131862 | 1285761 | 846101 |
| ITDS കോർപ്പസ് ഫണ്ട് | | 588710 | - | 588710 | 503881 | 84829 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1152500 | 1152500 | 388750 | 763750 |
| | ജില്ലാ പഞ്ചായത്ത് | - | 2159333 | 2159333 | 907474 | 1251859 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | - | 37838280 | 37838280 | 37838280 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15194108 | 11729462 | 26923570 | 9601213 | 17322357 |
| | ട്രഷറി അക്കൗണ്ട് | 8152738 | 7936180 | 16088918 | 7388956 | 8699962 |

ജനറൽ പർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വിവരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 184 | 60799049 | 134 | 38369057 | 61 | 50 | 39.67 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 14 | 7 | 4176351 | 1319248 | 31.59 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 585000 | 375000 | 64.1 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 75 | 33805025 | 20994106 | 62.1 |
| 4 | കൃഷി ഓഫീസർ | 9 | 9 | 2284105 | 1355570 | 59.35 |
| 5 | വി.ഇ.ഒ. | 13 | 10 | 7716633 | 4173684 | 54.09 |

| | | | | | | |
|---|---|---|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ PHC | 5 | 5 | 1232300 | 1122924 | 91.12 |
| 7 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 150000 | 150000 | 100 |
| 8 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 116600 | 116600 | 100 |
| 9 | വെറ്റിനറി സർജൻ | 5 | 5 | 3792000 | 2288794 | 60.36 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3962695 | 3523061 | 88.91 |
| 11 | ഹെഡ് മാസ്റ്റർ | 13 | 13 | 2978340 | 2950070 | 99.05 |
| | ആകെ | 184 | 134 | 60799049 | 38369057 | 63.11 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 573 | 943401 | 943974 | 941553 | 2421 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 11383654 | 11383654 | 11383654 | - |
| ആകെ | 573 | 12327055 | 12327628 | 12325207 | 2421 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക ₹ | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 27600 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 4567100 | 383 |
| വിധവാ പെൻഷൻ | 10335200 | 862 |
| വാർദ്ധക്യകാല പെൻഷൻ | 19023800 | 1468 |
| വികലാംഗ പെൻഷൻ | 2861100 | 233 |
| 50വയസ്സിന് മുകളിൽ പ്രായമുള്ളഅവിവാഹിതകൾക്കുള്ള പെൻഷൻ | 683800 | 56 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2018 ന് 3.40 pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹16,600 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് താമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക നുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഇതിന്റെ ഭാഗമായി ഓഫീസ് തലവൻ അതതുസമയം ഓഫീസ് ഉത്തരവുകളിലൂടെ കീഴ്ജീവനക്കാർക്ക് അവരുടെ ചുമതലകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകേണ്ടതും ജോലിവിഭജനം നടത്തേണ്ടതുമുണ്ട്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ജോലിവിഭജനം നടത്തി ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. ജീവനക്കാർ ചെയ്തു തീർക്കേണ്ട പ്രവൃത്തികളും കടമകളും ഉത്തരവാദിത്വവും വിവരിക്കുന്ന ഓഫീസ് ഉത്തരവ് നിലവിലുണ്ട്. മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ

പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എം.ഒ.പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം.ഒ.പി 154(2) ഖണ്ഡിക പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോൾ I ആർട്ടിക്കിൾ 156, 157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 150 പ്രകാരം സൂക്ഷിക്കേണ്ട ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തിക വർഷങ്ങളിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-9-2011 | 2008-09 മുതൽ 2010-11 വരെ | 4-2-2012 |
| പെർഫോമൻസ് ഓഡിറ്റ് | 17-2-2018 | 1-12-2017 മുതൽ 31-1-2018 വരെ | 17-2-2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ I-18 ഷെഡ്യൂൾ പ്രയർ പിരീഡ് ഐറ്റംസ് പ്രകാരം വസ്തു നികുതി ഡിമാന്റിൽ ₹373342 യുടെ കുറവ് കാണിച്ചിട്ടുണ്ടെങ്കിലും അതിനാധാരമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.
4. പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital works in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ഈ തുക അതാത് ആസ്തികളിലേക്ക് വരവ് വെക്കുന്നത് കണക്കാക്കുന്നതിന് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ഗ്രാന്റായി ലഭിച്ച തുകകളിൽ നിന്നും Capital Contribution, Revenue Contribution എന്നിവ കൃത്യമായി കണക്കാക്കുന്നതിന് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനാവശ്യമായ ആസ്തി രജിസ്റ്റർ 2017-18 വർഷം വരെ അപ്ഡേറ്റ് ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
7. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
8. സ്റ്റോക്ക് രജിസ്റ്റർ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.
9. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ Deposit Work കൾക്ക് വേണ്ടി നിർവ്വഹണ എജൻസികൾക്ക് നൽകുന്ന തുകകൾ Advance to Implementing Agencies എന്ന ശീർഷകത്തിലല്ല ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകങ്ങൾ

I. ചട്ടങ്ങൾ പാലിക്കുന്നില്ല

a.

| | |
|---|---|
| വാർഡ് /കെട്ടിട നമ്പർ | VI/404 B,C,D,E,F |
| കെട്ടിട ഉടമ | കുവേലി തോമസ്. |

മുകളിൽ പറഞ്ഞ കെട്ടിടത്തിന് 30-11-2017 തിയതിയിൽ വസ്തുനികുതി നിർണ്ണയം നടത്തി ഗ്രാമ പഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുണ്ട്. 23-08-2016 ന് BA/46/2016-17 നമ്പറായി അനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 715.68 ച.മീ. ആണ്. 7-7-2017 ന് നൽകിയ ക്രമവൽകരണ അപേക്ഷയിൽ ആകെ വിസ്തിർണ്ണം 949.14 ആണ്. ഇതിൽ 186ച.മീ.താമസാവശ്യത്തിനും ബാക്കി ഭാഗം വാണിജ്യാവശ്യത്തിനും ആയി കാണിച്ചിരിക്കുന്നു. 30-11-2017 ന് അംഗീകരിച്ച നികുതി നിർണ്ണയം പ്രകാരം വാണിജ്യാവശ്യത്തിന് 116.4ച.മീ യും താമസ ആവശ്യത്തിന് 186 ച.മീ യും ഓഡിറ്റോറിയം, അനുബന്ധ കെട്ടിടങ്ങൾ എന്നതിന് 646.74 ച.മീ ഉള്ളതായി കാണിച്ചിരിക്കുന്നു. അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റുന്നതിനായി കെട്ടിടം ഉടമ അപേക്ഷ സമർപ്പിച്ചിരുന്നില്ല.
2. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 57(8) പ്രകാരം Dഗണത്തിൽപെടുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണ പെർമിറ്റ് നൽകും മുൻപ്

അഗ്നിശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അനുമതി സാക്ഷ്യ പത്രം ആവശ്യമാണ്. ഇത്തരത്തിലുള്ള അനുമതി പത്രം ഫയലിൽ ലഭ്യമല്ല.

3. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 57(12) പ്രകാരം ഭക്ഷണം പാകം ചെയ്യാനും കഴിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളുള്ള കല്യാണ മണ്ഡപങ്ങളിൽ ഖര ദ്രാവക മാലിന്യങ്ങളുടെ ശേഖരണത്തിനും ആരോഗ്യകരമായ പുറം തള്ളലിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ ആവശ്യമാണ്. ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

b.

| അപേക്ഷകൻ | ശ്രീമതി. പറമ്പത്ത് രാധ |
|---|---|
| റീ.സ.നം. | 71/1 |

റീ.സ.നം.71/1 ൽ 0.093 ഹെക്ടറിൽ വ്യാവസായിക ആവശ്യത്തിനായി 91.2 ച.മീ. വിസ്തീർണ്ണത്തിൽ കെട്ടിടം പണിയുന്നതിനായി പെർമിറ്റ് നമ്പർ എ.4-ബി.എ.(87454)/2018 പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 60(11a) പ്രകാരം G1 ഗണത്തിൽപ്പെട്ട മേൽ കെട്ടിടത്തിന് പെർമിറ്റ് നൽകും മുൻപ് അഗ്നി ശമന സേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ അനുമതി സാക്ഷ്യപത്രം ആവശ്യമാണ്. ഇത്തരത്തിലുള്ള അനുമതിപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/27-11-2018) മറുപടി ലഭ്യമാക്കിയില്ല.മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

II. കെട്ടിടങ്ങളുടെ യഥാർഥ ഉപയോഗ ക്രമം കാണിക്കുന്നില്ല.

2017-18 വർഷം പഞ്ചായത്തിൽ നിന്നും വാണിജ്യവശ്യത്തിനായി ഡി & ഒ ലൈസൻസ് എടുത്ത ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയർ ഡാറ്റാ പ്രകാരം വാണിജ്യാവശ്യത്തിനുള്ളത് അല്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി & ഒ ലൈസൻസ് എടുത്ത വ്യക്തി ആവശ്യം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം (സഞ്ചയ പ്രകാരം) |
|---|---|---|---|
| 1 | വി.എൻ രവീന്ദ്രൻ, അനാദി,സി.പി.സ്റ്റോർസ് | II/450(old) | പാർപ്പിടാവശ്യം |
| 2 | അബ്ദുൾ റഹ്മാൻ, പലചരക്ക് കട | III/56(new) | പാർപ്പിടാവശ്യം |

കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമം കാണിക്കാത്തതിനാൽ ഇത്തരം കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയിരിക്കുന്നത് കുറഞ്ഞ നിരക്കിലാണ്.ഇത് പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കുന്നു. പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ യഥാർത്ഥ ഉപയോഗക്രമം കാണിക്കാത്ത മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുകയും ആവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷം ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല. ഡി. & ഒ ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ വിശദ വരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് (2017-18) | റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | സ്ഥാപന തൊഴിൽ നികുതി |
| 2 | സാന്ദ്ര ഡ്രൈവിംങ്ങ് സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | സ്ഥാപന തൊഴിൽ നികുതി |
| 3 | ബ്രോഡ് ബീൻ ഹോട്ടൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | സ്ഥാപന തൊഴിൽ നികുതി |
| 4 | ശ്രീ മൃദംഗ ശൈലേശ്വരി ക്ഷേത്രം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി |
| 5 | ബാഗ് ബസാർ (അബ്ദുൾ റഷീദ്) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജീവനക്കാരുടെ എണ്ണം-5) |
| 6 | ജെസീന വുഡ് ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ |

| | | | |
|---|---|---|---|
| | | | നികുതി (ജീവനക്കാരുടെ എണ്ണം-4) |
| 7 | മാർസ് റെസ്റ്റോറന്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജീവനക്കാരുടെ എണ്ണം-10) |
| 8 | പി.ആർ.എസ്.ഗാർമെന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജീവനക്കാരുടെ എണ്ണം-10) |
| 9 | സൂര്യ സിമെന്റ് പ്രൊഡക്ട്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജീവനക്കാരുടെ എണ്ണം-4) |
| 10 | ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വർക്കർ, ഹെൽപർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | - |
| 11 | പഞ്ചായത്തിലെ പൊതുമരാമത്ത് കരാറുകാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | - |
| 12 | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മുതലായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ കീഴിൽ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി കരാർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | - |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ | | |

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ആയതിനാൽ തൊഴിൽ നികുതി ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയതിൽ കുറവ്

2017-18വർഷത്തെ ഡി & ഒ ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| അപേക്ഷകൻ, ആവശ്യം | വാർഡ്, കെട്ടിട നമ്പർ | അപേക്ഷ പ്രകാരമുള്ള ദിവസ വരുമാനം | അടച്ച തുക രസീത് നമ്പർ തിയ്യതി | അടക്കേണ്ട തുക (അന്വേഷണ റിപ്പോർട്ട് പ്രകാരം | കുറവു വന്ന തുക |
|---|---|---|---|---|---|
| പ്രഭുജ. എം. പി.ആർ.എസ് ഗാർമെന്റ്സ് | VII 545B | ₹20000 | ₹200+₹50 117020100908 07-07-2017 | ₹500+₹125 | ₹375 |

വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ₹500, തൊഴിൽ നികുതി ₹2500 എന്നിങ്ങനെ ഈടാക്കി ലൈസൻസ് അനുവദിക്കാമെന്ന സീനിയർ ക്ലർക്കിന്റെയും ഹെഡ് ക്ലർക്കിന്റെയും ശുപാർശ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഇനത്തിൽ 900/- രൂപയും ഡി.& ഒ ലൈസൻസ് ഇനത്തിൽ ₹250 (200 + 50) രൂപയും മാത്രമാണ് ഈടാക്കിയത്. തൊഴിൽ നികുതി ഈടാക്കിയ തുകയിൽ കുറവ് വന്ന 1600/-രൂപയും ഡി.& ഒ ലൈസൻസ് ഇനത്തിൽ കുറവ് വന്ന 375/- രൂപയും ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹14900 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 153/18 വിളക്കോട് വൃദ്ധമന്ദിരം നിർമ്മാണം | 2600 |
| 2 | 171/18 ആധുനികരീതിയിലുള്ള വാതക ശ്മശാനം നിർമ്മാണം | 7500 |
| 3 | 67/18 ഓട്ടമരം വട്ടപ്പൊയിൽ നടപ്പാത കോൺക്രീറ്റിംഗ് | 4800 |
| | ആകെ | 14900 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്. എസ്. എ വിഹിതം അടക്കൽ - തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവയും ലഭ്യമല്ല ₹17,51,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, മുഴക്കുന്ന് ജി. യു. പി. എസ്. |
| പ്രോജക്ട് നമ്പർ | 54/18 |
| പ്രോജക്ടിന്റെ പേര് | എസ്. എസ്. എ. വിഹിതം അടക്കൽ |
| അടങ്കൽ തുക | ₹17,51,500 വികസന ഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് തുക ₹17,51,500 | ₹4,00,000 ബിൽ നമ്പർ : 1/17 -18/31 -07 -2017 |
| | ₹13,51,500 ബിൽ നമ്പർ : 14/2017-18/28-03-2018 |

മേൽ പ്രോജക്ട് പ്രകാരം ₹17,51,500 SSAപ്രോജക്ട് ഡയറക്ടർ കണ്ണൂരിനു നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. കണ്ണൂർ ജില്ല SSAപ്രൊജക്റ്റ് ഓഫീസറുടെ 30-05-2017 തീയതിയിലെ A/SSA/632/2017നമ്പർ കത്ത് പ്രകാരം മുൻ വർഷ ബാലൻസ് തുകയായി ₹2220055 കാണിച്ചിട്ടുണ്ട്. കൈപ്പറ്റ് രശീത്, വിനിയോഗ വിവരം എന്നിവ ഹാജരാക്കാത്തതിനാൽ ₹17,51,500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഐ.കെ.എം ന്ന് വിഹിതം നൽകൽ - തുക കൈപ്പറ്റിയതിന്റെയോ വിനിയോഗിച്ചതിന്റെയോ വിവരം ലഭ്യമാക്കിയില്ല ₹ 58273 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 1/18

പ്രോജക്ടിന്റെ പേര് : ഐ.കെ.എം ന്ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ തുക : ₹ 58273 വികസന ഫണ്ട്

ചെലവ് തുക : ₹ 58273

ബിൽ നമ്പർ / തീയ്യതി : 4 /17-18/19-7-2017

ഐ.കെ.എം ന്ന് വിഹിതം നൽകുന്നതിന്നായി മേൽ പ്രോജക്ട് പ്രകാരം ₹ 58,273 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഐ.കെ.എം തുക കൈപ്പറ്റിയതിന്റെയോ, തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 58273 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പെൺകുട്ടികൾക്കുള്ള വോളിബോൾ പരിശീലനം - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, മുഴക്കുന്ന് ജി. യു. പി. എസ്. |
| പ്രോജക്ട് നമ്പർ | 57/18 |
| പ്രോജക്ടിന്റെ പേര് | പെൺകുട്ടികൾക്കുള്ള വോളിബോൾ പരിശീലനം |
| അടങ്കൽ തുക | ₹75000 വികസന ഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് തുക | ₹75000 |
| ബിൽ നമ്പർ / തീയതി | 8/2017-18/22-03-2018 |

29-03-17– ലെ സ.ഉ(എംഎസ്)72/17/തസ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെയാണ് കുട്ടികൾക്ക് കായിക പരിശീലനം നൽകേണ്ടത്. എന്നാൽ വോളി ബോൾ പരിശീലകനായ ശ്രീ സുനിൽകുമാർ. പി. പി. യുടെ സ്പോർട്സ് കൗൺസിൽ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 24-11-18 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കുട്ടികൾക്കുള്ള യോഗ പരിശീലനം പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, മുഴക്കുന്ന് ജി. യു. പി. എസ്. |
| പ്രോജക്ട് നമ്പർ | 58/18 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്കുള്ള യോഗ പരിശീലനം |
| അടങ്കൽ തുക | 25000 വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 25000 വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ / തീയതി | 9/2017-18/22-03-2018 |

പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് 03-04-2017 ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നം. 80/2017/ത.സ്വ.ഭ.വ. പ്രകാരം ആയുഷ്യമായിച്ചേർന്ന് യോഗപരിശീലനം നൽകാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്ട് ആയുഷ്യമായിചേർന്നല്ല നടപ്പാക്കിയത്. ഇത് സംബന്ധിച്ച് 24-11-18 ന് നൽകിയ 7)ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വാഹന ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല

വൗച്ചർ നമ്പർ : 450101/2-8-2017

ചെലവുതുക : ₹ 11980

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL.58.G.9009 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷുറൻസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷുറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത് വാഹനത്തിന്റെ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ലീവ് സറണ്ടർ ചെയ്തത് രേഖപ്പെടുത്തിയതിന്റെ പകർപ്പ് സൂക്ഷിക്കേണ്ടതാണ്.

2017-18 വർഷം വിവിധ ജീവനക്കാർ ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ആർജിത അവധി രേഖപ്പെടുത്തിയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ചതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വൌച്ചർ നമ്പർ / തീയതി | തുക ₹ | ജീവനക്കാരുടെ പേര് തസ്തിക |
|---|---|---|
| 21700032<br>11-04-2017 | 160962 | രമേശൻ കെ അക്കൗണ്ടന്റ് (₹ 38322)<br>ഷിജില ടി സീനിയർ ക്ലാർക്ക് (₹ 33170) |

തുടർവർഷങ്ങളിൽ ആർജിതാവധി സറണ്ടർ ചെയ്ത ജീവനക്കാർക്ക് സ്ഥലം മാറ്റം ലഭിക്കുമ്പോൾ അവരുടെ സർവ്വീസ് ബുക്കിന്റെ ആർജിതാവധി രേഖപ്പെടുത്തിയ പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സൂക്ഷിക്കേണ്ടതാണ്.

## 3-7 വിളക്കോട് സ്കൂൾ തൊണ്ടൻകുഴി കായപ്പനിച്ചി ഡിപ്പോ റോഡ് അഭിവൃദ്ധിപ്പെടുത്തൽ കരാറുകാരന് അധികം തുക നൽകി ₹19938

യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 100/18 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് : വിളക്കോട് സ്കൂൾ തൊണ്ടൻകുഴി കായപ്പനിച്ചി ഡിപ്പോ റോഡ് അഭിവൃദ്ധിപ്പെടുത്തൽ

അടങ്കൽ : ₹ 1,74,164 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹ 1,61,500 സംസ്ഥാനാവിഷ്കൃത ഫണ്ട്

: ₹ 14,318 തനത് ഫണ്ട്

: ₹ 18 മെയിന്റനൻസ് ഫണ്ട് റോഡ്

ആകെ : ₹ 3,50,000

ചെലവ് തുക : ₹ 1,74,164 ബിൽ നമ്പർ : 13/17-18/7-7-2017

: ₹ 1,61,500 ചെക്ക് നമ്പർ : 8453199/24-8-2017

: ₹ 14,124 ചെക്ക് നമ്പർ : 8453200/24-8-2017

ആകെ : ₹ 3,49,788

കരാറുകാരൻ : കെ. ജെ. സുരേഷ് ബാബു, 5.7% Below Estimate Rate

കരാർ : AE/LSGD/MZK/50/16-17/31-3-2017

അളവ് പുസ്തകം : 126/16-17

വിളക്കോട് സ്കൂൾ തൊണ്ടൻകുഴി കായപ്പനിച്ചി ഡിപ്പോ റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ കെ. ജെ. സുരേഷ് ബാബു എന്ന കരാറുകാരൻ 5.7% Below Estimate Rate ക്വാട്ട് ചെയ്ത ടെണ്ടറാണ് അംഗീകരിച്ചത്. അളവ് പുസ്തകം, വർക്ക് ബിൽ എന്നിവ പ്രകാരം കരാറുകാരന് നൽകേണ്ടുന്ന തുക കണക്കാക്കുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത Tender Below നിരക്ക് കണക്കിലെടുത്തിട്ടില്ല. ആയതിനാൽ കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 349788

5.7% ടെണ്ടർ കുറവ് – 19938

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം നൽകിയ തുകയായ ₹19938 ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 3-8 പൂഴക്കര അംഗൻവാടി അറ്റകുറ്റപ്പണി - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹1,86,839 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 159/18

പ്രോജക്ടിന്റെ പേര് : പൂഴക്കര അംഗൻവാടി അറ്റകുറ്റപ്പണി

അടങ്കൽ : ₹ 2,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹ 1,86,839 ബിൽ നം. 54/17-18/19-2-2018

കൺവീനർ : ലത. ബി

അളവ് പുസ്തകം : 21/17-18

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പൂഴക്കര അംഗൻവാടി അറ്റകുറ്റപ്പണി എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ₹1,86,839 ചെലവഴിച്ചിട്ടുണ്ട്. അംഗൻവാടി അറ്റകുറ്റപ്പണിയോടനുബന്ധിച്ച് വിവിധ പ്രവൃത്തികൾക്കായി കൺവീനർ തുക ചെലവഴിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | ചെലവ് തുക | തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | റൂഫിംഗ് വർക്ക് | 2000 | 27-11-2017 to 28-11-2017 | വൗച്ചറിൽ തുക കൈപറ്റിയതായി ഒപ്പുവച്ചിട്ടില്ല |
| 2 | വെൽഡിംഗ് വർക്ക് | 91900 | 28-11-2017 to 19-12-2017 | |
| 3 | ചുമർ പൊളിക്കൽ | 3800 | 20-12-2017 to 21-12-2017 | |
| 4 | കോൺക്രീറ്റ് വർക്ക് | 3000 | 20-12-2017 | |
| 5 | കട്ടിലവച്ച് തേപ്പ് | 2900 | 22-12-2017 | |

| | | | | |
|---|---|---|---|---|
| 6 | ടൈൽ വർക്ക് | 2900 | 23-12-2017 | |
| 7 | പെയിന്റിംഗ് & ക്ലീനിംഗ് | 1900 | 25-12-2017 | |
| 8 | ഗ്രിൽ പെയിന്റിംഗ് | 12800 | 28-12-2017 to 5-1-2018 | |
| 9 | വിന്റോ ഫ്രയിം, ഗ്ലാസ്, ഫിറ്റിംഗ്സ് | 8500 | 18-12-2017 | |
| 10 | Goods Carrier വാടക | 3500 | 18-12-2017 | |
| 11 | എം സാന്റ്, മെറ്റൽ | 2500 | 18-12-2017 | |
| 12 | ടൈൽ ബിൽ | 3000 | വിവരം ലഭ്യമല്ല | വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല |
| 13 | സിമന്റ് ബിൽ | 2000 | വിവരം ലഭ്യമല്ല | |
| 14 | വെൽഡിംഗ് സാധനങ്ങൾ | 14579 | 13-12-2017 | |
| 15 | റൂഫിംഗ് സാധനങ്ങൾ | 68209 | 27-11-2017 | |
| 16 | റൂഫിംഗ് സാധനങ്ങൾ | 16409 | 2-12-2017 | |
| 17 | പെയിന്റിംഗ് സാധനങ്ങൾ | 615 | 13-12-2017 | |
| | ആകെ | 240512 | | |

ക്രമ നമ്പർ 1 മുതൽ 11 വരെയുള്ള പ്രവൃത്തികളുടെ കൂലി ചെലവുൾപ്പെടെയുള്ള തുക നൽകിയതായി പറയുന്ന വൗച്ചറുകളിൽ തുക കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ 12, 13 എന്നിവ പ്രകാരം വാങ്ങിയ ടൈൽ, സിമെന്റ് എന്നിവയുടെ കാഷ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,86,839 യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഗുണ്ടിക കടുക്കപ്പാലം റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പ്രവൃത്തി യഥാസമയം പൂർത്തിയാക്കത്തതിന്റെ പിഴ കരാറുകാരനിൽ ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 88/18

പ്രോജക്ടിന്റെ പേര് : ഗുണ്ടിക കടുക്കപ്പാലം റോഡ് അഭിവൃദ്ധിപ്പെടുത്തൽ

അടങ്കൽ : ₹4,00,000 ലോക ബാങ്ക് സഹായം

ചെലവ് തുക : ₹3,97,693 ബിൽ നമ്പർ : 14/17-18/9-8-2017

കരാറുകാരൻ : ജിജേഷ്. വി.

കരാർ : AE/LSGD/MZK/27/16-17/24-1-2017

കരാർ തുക : ₹3,97,693

അളവ് പുസ്തകം : 21/17-18

പ്രവൃത്തി ആരംഭിച്ച തീയ്യതി : 24-1-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 31-3-2017

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 23-5-2017

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം : 53 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : ഇല്ല

ഗുണ്ടിക കടുക്കപ്പാലം റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് കരാറുകാരൻ 53 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ അത് അനുവദിക്കുകയോ ചെയ്തിട്ടില്ല. കരാറുകാന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കത്തതിന്റെ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 അങ്ങാടിച്ചാൽ കോരഞ്ഞി പണിയ കോളനി കുഴൽക്കിണർ നിർമ്മാണം പ്രവൃത്തി പൂർത്തിയാക്കത്തതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | 214/18 |
| പ്രോജക്ടിന്റെ പേര് | അങ്ങാടിച്ചാൽ കോരഞ്ഞി പണിയ കോളനി കുഴൽക്കിണർ നിർമ്മാണം |
| അടങ്കൽ തുക | ₹184000 വികസന ഫണ്ട് TSP |
| ചെലവ് തുക | ₹184000 |
| ബിൽ നമ്പർ / തീയതി | 29/17-18/28-03-2018 |
| അക്കൗണ്ട് ട്രാൻസ്ഫർ | 719011400000020/31-03-18 |
| നിർവ്വഹണ ഏജൻസി | കേരള ഭൂജല വകുപ്പ് |

അങ്ങാടിച്ചാൽ കോരഞ്ഞി പണിയ കോളനി കുഴൽക്കിണർ നിർമ്മാണം എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസർക്ക് ₹184000 അക്കൗണ്ട് മുഖേന ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട് എന്നാൽ പദ്ധതിയുടെ പൂർത്തീകരണ വിവരമോ തുകയുടെ വിനിയോഗ വിവരമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-11 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണം എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. ഏതാനും കുളങ്ങളുടെയും തോടുകളുടെയും നവീകരണം ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. റോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചന തോടുകളുടെയും കനാലുകളുടെയും നിർമ്മാണം, പുനരുദ്ധാരണം എന്നവ തൻവർഷം ചെയ്തിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട്

ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പപദ്ധതിയിൻകീഴിൽ നിർവ്വഹിച്ചിട്ടില്ല. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൻവർഷം ആകെ ₹2,55,64,897യുടെ പ്രവൃത്തികൾ നിർവ്വഹിച്ചതിൽ സാധനഘടകത്തിലെ ചെലവ് ₹74,138 മാത്രമാണ് (0.29%).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 33/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | ഇല്ല |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 125000 | | 125000 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 37/18 കർഷകർക്ക് പാലിന് സബ്സിഡി | 142794 | 57206 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 200000 | | 200000 | ഇല്ല |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 127500 | 124/18 നെൽകൃഷിക്ക് കൂലിചെലവിന് സബ്സിഡി | 63750 | 63750 |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 300000 | 171/18 ആധുനിക രീതിയിലുള്ള വാതക ശ്മശാന നിർമ്മാണം | ഇല്ല | 300000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 700000 | | ഇല്ല | 700000 |
| 8 | കണ്ണൂർ ജില്ലാ | 100000 | 41/18 | 49680 | 50320 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | സാന്ത്വന പരിചരണം | | |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 840333 | 203/18<br>ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കൽ - ജനറൽ | 180000 | 660333 |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 519000 | 204/18<br>ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കൽ - പട്ടികവർഗ്ഗം | 335000 | 184000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ തീയ്യതി | തുക ₹ | ചെല വഴിച്ച തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 82/18<br>നെല്ല്യാട് കോളനി കുഴൽകിണർ നിർമ്മാണം | 18/17-18<br>10-10-2017 | 47,000 | 28430 | 23180 തിരിച്ചടച്ചു |
| 2 | | 148/18<br>വിളക്കോട്ട് യു.പി.സ്കൂളിന് കിണർ, മോട്ടോർ | 19/17-18<br>10-10-2017 | 25000 | 20390 | |
| 3 | | 141/18<br>അംഗൻവാടികൾക്ക് കുടിവെള്ളം | 21/17-18<br>29-12-2017 | 422000 | 225908 | 196092 തിരിച്ചടച്ചു |

| | | | | | | |
|---|---|---|---|---|---|---|
| 4 | | 211/18<br>അങ്ങാടിച്ചാൽകൊരഞ്ഞി പണിയകോളനി കുഴൽകിണർ നിർമ്മാണം | 29/17-18<br>28-3-2018 | 184000 | വിവരം ലഭ്യമല്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹10000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ₹10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ. ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/23-9-2015 | ₹10000 |

| | |
|---|---|
| ആകെ | ₹10000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹2900 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2014-15 | 3-15 | 600 | ഷീന. എം. കണ്ടത്തിൽ ICDS സൂപ്പർവൈസർ | 117020103613/6-1-2018 |
| 2014-15 | 3-15 | 1200 | | ചെലാൻ നമ്പർ KL0009721282201718m/11-1-18 |
| 2016-17 | 3-11 | 1100 | വി.ജി. ഗീതകുമാരി ICDS സൂപ്പർവൈസർ | ചെലാൻ നമ്പർ KL0006647464261718m/9-10-17 |
| | ആകെ | 2900 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 56167571 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 51252505 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 1975 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 19938 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 19,96,612 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-3 | 1975 | - | ശ്രീ. ജി.വി. അജിത്ത് കുമാർ, സെക്രട്ടറി |
| 3-8 | - | 19938 | ശ്രീ. പ്രകാശ് ബാബു. എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1975 | 19938 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | ₹17,51,500 | ശ്രീമതി.രാധ.എൻ.ടി, |

| | | |
|---|---|---|
| | | ഹെഡ് മിസ്ട്രസ്സ്, മുഴക്കുന്ന് ജി. യു. പി. എസ്. |
| 3-2 | ₹ 58,273 | ശ്രീ. ജി.വി. അജിത്ത് കുമാർ, സെക്രട്ടറി |
| 3-9 | 1,86,839 | ശ്രീ. താജുദ്ദീൻ ആലിഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 19,96612 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രകാശ് ബാബു. എം, അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണാഞ്ജലി എടക്കാട്. പി.ഒ. കണ്ണൂർ |
| ശ്രീ. ജി. വി. അജിത്ത് കുമാർ സെക്രട്ടറി. | സെക്രട്ടറി തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് | ഐശ്വര്യ, കുയിലൂർ, പടിയൂർ പി.ഒ – 670703 |
| ശ്രീ. താജുദ്ദീൻ ആലിഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഹരിപ്പാട് നഗരസഭ | ടി.പി. സൗത്ത്, ഹരിപ്പാട് പി.ഒ |
| ശ്രീമതി. രാധ. എൻ. ടി, ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, ജി. യു. പി. എസ്, മുഴക്കുന്ന് | പാറക്കുന്നേൽ ഹൗസ് മുണ്ടയാംപറമ്പ് - പി.ഒ കമ്പനി നിരത്ത് കണ്ണൂർ – 6707067 |

# 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി.5/297/13(1)തീ.14-6-2013 | 3 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി.5/297/13(2)തീ.14-6-2013 | 11 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി.5/297/13(3)തീ.14-6-2013 | 4 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി.5/297/13(4)തീ.14-6-2013 | 5 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.5/297/13(5)തീ.14-6-2013 | 4 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.5/216/13തീ.23-3-2013 | 17 |
| 2009-10 2010-11, 2011-12 | എൽ.എഫ്/കെ.എൻ.ആർ/സി.5/25/13(5)തീ.14-6-2013 | 16 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.5/8827/2015(1)തീ.5-8-2015 | 13 |
| 2013-14, 2014-15 | എൽ.എഫ്/കെ.എൻ.ആർ/സി.5/1336/2016തീ.2-8-2016 | 18 |
| 2015-16 | എൽ.എഫ്/കെ.എൻ.ആർ/സി.11 | 4 |

| | | |
|---|---|---|
| | /2148/2016തീ.20-12-2016 | |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.11 /9787/2017തീ.4-7-2017 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി.11/2021/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in
Phone:04972707698

തീയ്യതി: 12-02-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 23882786<br>98525 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 865570 |
| 140000000 | Fees & User Charges | RP-4 | 1080627 |
| 150000000 | Sale & Hire Charges | RP-5 | 198233 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40305754 |
| 171000000 | Interest Earned | RP-9 | 572195 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7342174 |
| 350000000 | Other Liabilities | RP-36 | 182215 |
| Non operating | | | |
| 311000000 | Earmarked Fund | RP-29 | 44715 |
| 340000000 | Deposits Received | RP-34 | 29551 |
| 350000000 | Other Liabilities | RP-36 | 292257 |
| 431000000 | Sundry Debtors (Receivables) | RP-43 | 5230280 |
| 460000000 | Loans, Advances and Deposits | RP-47 | 24000 |
| Grand Total | | | 80148882 |
| | Payments | | |

| | | | |
|---|---|---|---|
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3648361 |
| 220000000 | Administrative Expenses | RP-12 | 812889 |
| 230000000 | Operations & Maintenance | RP-13 | 751049 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3960591 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11991088 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 840591 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 902813 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 504130 |
| 255000000 | Maintance Projects | RP-20 | 2005737 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 198693 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7000 |
| 280000000 | Prior Period Item | RP-26 | -10852 |
| 350000000 | Othes Liabilities | RP-36 | 3927016 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 2079 |
| 311000000 | Earmarked Funds | RP-29 | 26000 |
| 340000000 | Deposits Received | RP-34 | 74750 |
| 350000000 | Other Liabilities | RP-36 | 1940047 |
| 410000000 | Fixed Assets | RP-38 | 15099957 |
| 412000000 | Capital Work in Progress | RP-40 | 4027252 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 543314 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 28686649<br>209728 |
| Grand Total | | | 80148882 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3493600 |
| 130000000 | Rental Income from panchayat properties | I-3 | 160476 |
| 140000000 | Fees & User Charges | I-4(b) | 1778306 |
| 150000000 | Sale & Hire Charges | I-5(b) | 531133 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 77111656 |
| 171000000 | Interest Earned | I-8 | 572195 |
| 180000000 | Other Income | I-9 | 153368 |
| A | Total Income | | 83800734 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9444044 |
| 220000000 | Administrative Expenses | I-11(b) | 852889 |
| 230000000 | Operations & Maintenance | I-12(b) | 751049 |
| 240000000 | Interest & Finance Charges | I-13 | 2079 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | I-14 | 7973371 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21545570 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 840591 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 902813 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 37975130 |
| 255000000 | Maintance Projects | I-14(e) | 2005737 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 198693 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 7000 |
| 272000000 | Depreciation | I-17(a) | 3527895 |
| B | Total Expenditure | | 86026861 |
| C=A-B | Gross Surplus / Defict Income over Expenditure | | -2226127 |
| D= 280000000 | Prior Period Item | I-18 | 592339 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -2818466 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF MUZHAKUNNU GRAMA

# PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount ₹ |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 7499526.25 |
| 311000000 | Earmarked Funds | B-2 | 82323 |
| 312000000 | Reserves | B-3 | 64334186 |
| | Total Reserve & Surplus | | 71916035.25 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 7314271 |
| | Total Grants,Contribution for specific purposes | | 7314271 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 347352 |
| 341000000 | Deposit Works | B-8 | 7173 |
| 350000000 | Other Liabilities | B-9 | 1486697.75 |
| | Total Current Liabilities and Provisions | | 1841222.75 |
| | TOTAL LIABILITIES | | 81071529 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 66165719 |
| 411000000 | Accumulated Depreciation | B-11 | -15253976 |
| 412000000 | Capital Work In Progress | B-11(a) | 1078000 |

| | | | |
|---|---|---|---|
| | Total Fixed Assets | | 51989743 |
| | Investments | | |
| 420000000 | Investments | B-12 | 15010 |
| | Total Investments | | 15010 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 85565 |
| 450000000 | Cash and Bank balance | B-17 | 28896377 |
| 460000000 | Loans, Advances and Deposits | B-18 | 84834 |
| | Total Current Assets,Loans and Advances | | 29066776 |
| | TOTAL ASSETS | | 81071529 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.